

# അമലോത്ഭവ മറിയം

ബ്ര. ഡോൺ മാതിരപ്പിള്ളി MCBS

(Vol. 10, Issue 27)

വീട്ടിലെ കൊച്ചുമുറിയിൽ എണ്ണവിളക്കിന്റെ വെളിച്ചത്തിൽ അമ്മയും മകളും ഇരിക്കുകയാണ്. മകൾ അമ്മയുടെ മടിത്തട്ടിലിരുന്ന് നെഞ്ചിൽ തല ചായ്ച്ച് ജാലക കവാടത്തിലൂടെ നക്ഷത്രവിളക്കുകൾ നോക്കിയിരിക്കുന്നു. പെട്ടെന്ന് അവൾ കൊഞ്ചി ചോദിച്ചു: "അമ്മേ, ഞാൻ സ്വർഗ്ഗത്തിൽ പോകുമോ? അവളുടെപിഞ്ചു മുടിയിഴകൾ തലോടിക്കൊണ്ട് വാത്സല്യത്തോടെ അമ്മ പറഞ്ഞു: "തീർച്ചയായും. പക്ഷെ, കുസൃതി ഒന്നും കാണിക്കാതെ നല്ല കുട്ടിയായി വളരണം." "അപ്പോൾ ഞാൻ കുറുമ്പ് കാണിച്ചാൽ നരകത്തിൽ പോകുമായിരിക്കുമല്ലേ?" അമ്മ മറുപടിയൊന്നും പറയാതെ അവളെ നോക്കി. വെളുത്ത, കുരുന്നു പല്ലുകൾ കാണിച്ച് ചിരിച്ചുകൊണ്ട് മകൾ പറഞ്ഞു: "ഇല്ല, എനിക്കറിയാം എന്തുചെയ്യണമെന്ന്. സ്വർഗ്ഗത്തിലുള്ള എന്റെ അമ്മയുടെ കരങ്ങളിലേയ്ക്ക് ഞാൻ നരകത്തിൽ നിന്ന് എടുത്തുചാടും. അമ്മ എന്നെ എടുത്തുപിടിച്ചിരിക്കുമ്പോൾ ദൈവത്തിന് എങ്ങനെയാണ് എന്നെ സ്വർഗ്ഗത്തിന് വെളിയിലാക്കാനാവുക?"

മനുഷ്യകുലത്തെ നരകത്തിലേയ്ക്ക് തള്ളാതെ തന്റെ നീല കാപ്പയോട് ചേർത്തുപിടിച്ച് സംരക്ഷിക്കുന്ന പരിശുദ്ധ അമ്മയ്ക്ക് ഓരോരുത്തരെയും സമർപ്പിച്ചുകൊണ്ട് അമലോത്ഭവ തിരുനാളിന്റെ മംഗളങ്ങൾ നേരട്ടെ. ക്രിസ്തുമസിനായി നോമ്പെടുത്ത് പ്രാർത്ഥനകൾ ഉരുവിട്ട് സുകൃതാനുഷ്ഠാനങ്ങളിലൂടെ ഒരുങ്ങുന്ന ഈ വേളയിൽ അമലോത്ഭവ തിരുനാളിന് വലിയ പ്രാധാന്യമുണ്ട്. വി. പത്താം പീയൂസിന്റെ വാക്കുകളിൽ, "അമ്മയായ മറിയത്തെ കാണാതെ ഉണ്ണിയേശുവിനെ കാണുക പ്രയാസമുള്ള കാര്യമാണ്."

പരിശുദ്ധ അമ്മയുടെ സൗന്ദര്യം മുഴുവനും നിറഞ്ഞുനിൽക്കുന്ന ശ്രേഷ്ഠമായ വിശേഷണമാണ് ഗബ്രിയേൽ ദൂതൻ നൽകിയത്, "ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി" (ലൂക്കാ 1:28). ദൈവകൃപയാൽ നിറഞ്ഞിരിക്കുന്നുവെന്നാൽ, അവളിൽ പാപത്തിന്റെ മാലിന്യം അൽപം പോലുമില്ല. കർമ്മപാപത്തിന്റെ മാത്രമല്ല, ജന്മപാപത്തിന്റെയും കറ ഇല്ലെന്നു തന്നെ മനസ്സിലാക്കണം. ഏൽപിക്കാൻ പോകുന്ന അനന്യവും മഹോന്നതവുമായ ദൗത്യം നിറവേറ്റാൻ മറിയത്തെ ദൈവം മുൻകൂറായി ഒരുക്കിയിട്ടുണ്ടെന്നത് തീർച്ച. വി. അൽഫോൻസ് ലിഗോരി ചോദിക്കുന്നു: "ഹവ്വായ്ക്കു പോലും ജന്മത്താലെ പാപരഹിതയായി ലോകത്തിലേയ്ക്കു വരാൻ അനുഗ്രഹം കൊടുത്ത ദൈവം പരിശുദ്ധ കന്യകാമറിയത്തിന് ആ കൃപ കൊടുക്കാതിരിക്കുമോ?" തീർച്ചയായും ദൈവം അത് കൊടുത്തു. വി. ആൻസലം പറയുന്നു: "എല്ലാവിധ പാപക്കറകളിൽ നിന്നും സ്വതന്ത്രമാക്കി തന്റെ പുത്രന് വസിക്കാൻ പരിശുദ്ധമായ ഒരു വാസസ്ഥലമൊരുക്കാൻ ദൈവത്തിന്റെ ജ്ഞാനത്തിന് കഴിയാതിരിക്കുമോ?"

പരിശുദ്ധാത്മാവ് യഥാർത്ഥത്തിൽ പരിശുദ്ധ മറിയത്തോടൊപ്പമായിരുന്നു. മറിയം തന്റെ പാപമില്ലാത്ത ശരീരത്തിൽ നിന്ന് ഈശോയ്ക്ക് ജന്മം നൽകുന്നതിനായിരുന്നു ഇത്. പാപത്തിൽ വീണ മനുഷ്യനെ രക്ഷിച്ച ദൈവത്തിന് തന്റെ പദ്ധതിപ്രകാരം ഒരാളെ പാപത്തിൽ വീഴാതെ കാത്തുസൂക്ഷിക്കാനും കഴിയും. മറിയത്തിന് ദൈവപുത്രന്റെ അമ്മയാകാൻ പ്രത്യേകം നൽകപ്പെട്ട കൃപയാണ് അമലോത്ഭവം.

സാത്താനുമായി നിത്യശത്രുതയിലായിരിക്കുന്ന സ്ത്രീയാണ് പരിശുദ്ധ കന്യക. ഏതെങ്കിലുമൊരു നിമിഷം അവൾ പാപത്തിലായിരുന്നെങ്കിൽ ഇത്തരമൊരു ശാശ്വത ശത്രുതയുണ്ടാകുമായിരുന്നില്ല. ഉൽപത്തി 3:15-ൽ സർപ്പത്തെ തകർക്കുന്ന സ്ത്രീയായി പരിശുദ്ധ അമ്മയെ ഉയർത്തിക്കാട്ടുമ്പോഴും അടിസ്ഥാനമായി നിൽക്കുന്നത് പാപക്കറയില്ലാത്ത അവളുടെ ജന്മം തന്നെയാണ്.

മറിയത്തിൽ പാപമുണ്ടായിരുന്നെങ്കിൽ യേശുവിന്റെ മനുഷ്യത്വത്തിലും ഒരുപക്ഷേ, അതുണ്ടാകുമായിരുന്നു. അതിനാൽ അവൾ കളങ്കരഹിതയായിരിക്കുക എന്നത് തികച്ചും അനിവാര്യമായിരുന്നു.

1854 ഡിസംബർ 8-ാം തീയതി 9-ാം പീയൂസ് പാപ്പയാണ് 'അവാച്യനായ ദൈവം' എന്ന ചാക്രികലേഖനത്തിലൂടെ മറിയത്തിന്റെ അമലോത്ഭവം വിശ്വാസ സത്യമായി പ്രഖ്യാപിച്ചത്. ഇതിനും വളരെ മുമ്പ്, 7-ാം നൂറ്റാണ്ട് മുതൽ അമലോത്ഭവ തിരുനാളാഘോഷം സഭയുടെ പാരമ്പര്യത്തിലുണ്ടായിരുന്നു. വിശ്വാസ സത്യമായി പ്രഖ്യാപിച്ച് 4 വർഷങ്ങൾക്കിപ്പുറം പരിശുദ്ധ അമ്മ തന്നെ 1858-ൽ ലൂർദ്ദിൽ വി. ബർണ്ണദീത്തയ്ക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ പറഞ്ഞു: "ഞാൻ അമലോത്ഭവയാണ്." സ്വർഗ്ഗത്തിന്റെ നിയോഗവും പദ്ധതിയുമനുസരിച്ച് വെളിപ്പെടുത്തുന്നതു വരെ അമ്മ നിശബ്ദതയോടെ കാത്തിരുന്നു. വെളിപ്പെടുത്തുന്ന സഭയുടെ പ്രഖ്യാപനമുണ്ടായപ്പോൾ അമ്മ അത് സ്ഥിതീകരിച്ചു.

പ്രിയമുള്ളവരേ, പരിശുദ്ധ അമ്മയുടെ വിശുദ്ധി ദൈവത്തിന്റെ ദാനമാണ്. ഈ ദാനം ക്രിസ്തുവിൽ തിരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും നൽകപ്പെട്ടിരിക്കുന്നു. "ക്രിസ്തുവിന്റെ അനുയായികളെന്ന നിലയിൽ തന്റെ മുമ്പിൽ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കുവാൻ ലോകസ്ഥാപനത്തിനു മുമ്പു തന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു" (എഫേ. 1:4). വിശുദ്ധി എന്നാൽ നമ്മുടെ ജീവിതത്തിൽ മാറ്റം കൊണ്ടുവരുവാൻ തക്കതായ ദൈവത്തിന്റെ ദാനമാണ്. ഇതിനെ സാധൂകരിക്കാനും നിരാകരിക്കാനും നമുക്ക് സാധിക്കും. പരിശുദ്ധ അമ്മ, ഇതാ കർത്താവിന്റെ ദാസി എന്നു പറഞ്ഞുകൊണ്ട് ജീവിതത്തിലൂടനീളം അതിനെ ഉയർത്തിപ്പിടിച്ചവളാണ്.

ജീവിതാരംഭം മുതൽ എല്ലാ സമയത്തും ദൈവത്തിന്റെ സ്നേഹവലയം അവളോടു കൂടെ ഉണ്ടായിരുന്നുവെങ്കിലും അവൾ ഈ ലോകത്തിലായിരുന്നു. ആകുലതകളും പ്രതിസന്ധികളുമൊക്കെ ധാരാളമുണ്ടായിരുന്നു. അവളുടെ ജീവിതത്തിൽ അതിനാൽ തന്നെ, നമ്മെ സഹായിക്കാൻ അമ്മയ്ക്കാകും.

ചതിയും, വഞ്ചനയും, സ്വാർത്ഥതയും, അസൂയയും, അഹങ്കാരവുമൊക്കെ ഇന്ന് മനുഷ്യന്റെ കൂടെപ്പിറപ്പുകളാവുകയും സഹോദരന്റെ ജീവന്റെ വില മറക്കുകയും ചെയ്ത് പാപബോധം നഷ്ടമാകുന്ന ഇടങ്ങളിൽ അമലോത്ഭവയായ അമ്മയുടെ സാന്നിധ്യം നാം ആഗ്രഹിക്കണം. സമൂഹമാധ്യമങ്ങളിൽ എന്നും എപ്പോഴും വൈറലായി നിൽക്കാൻ എന്തും ചെയ്യാൻ തയ്യാറാകുന്നവർക്ക് പരിശുദ്ധ അമ്മ ഉയർത്തിപ്പിടിച്ച വിശുദ്ധി ഒരു വെല്ലുവിളിയാണ്. പരസ്പരം ക്ഷമിക്കാനും, പൊറുക്കാനും, മനസ്സിലാക്കാനും, സ്നേഹിക്കാനും, പങ്കുവയ്ക്കാനും, ബഹുമാനിക്കാനുമൊക്കെ മറന്നുപോകുന്ന കുടുംബങ്ങളിൽ ഉണ്ണീശോ പിറക്കണമെങ്കിൽ ഈ അമ്മയെ കൂട്ടു പിടിക്കാൻ തയ്യാറാകണം. വചനം നമ്മെ ഓർമ്മിപ്പിക്കുന്നു: "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും." ദൈവത്തെ കാണുക മാത്രമല്ല, ദൈവത്തിന് പിറക്കാൻ തന്നെത്തന്നെ സമർപ്പിച്ച് വിട്ടുകൊടുത്ത പരിശുദ്ധ അമ്മയുടെ പരിശുദ്ധിയുടെ ആഘോഷമായ അമലോത്ഭവ തിരുനാൾ ഈശോയെ കാണാനാഗ്രഹിക്കുന്നവർക്കും വിശുദ്ധ ജീവിതം നയിക്കാനാഗ്രഹിക്കുന്നവർക്കും പ്രതീക്ഷ നൽകുന്ന തിരുനാളാണ്.

ഒരിക്കൽ വി. എവുപ്രാസ്യമ്മയോട് സാത്താൻ പറഞ്ഞു: "നീ ഈശോയെയും മറിയത്തെയും ഉപേക്ഷിച്ചാൽ നിന്നെ ഞാൻ ശല്യപ്പെടുത്തില്ല." അതായത്, പരിശുദ്ധ കന്യകാമറിയത്തെ ഉപേക്ഷിച്ച ആത്മാവിനെ എളുപ്പം കീഴടക്കാമെന്ന് സാത്താനറിയാം. നമ്മുടെ ആത്മീയജീവിതത്തിൽ സാത്താനുമായുള്ള യുദ്ധത്തിൽ ഈശോ കഴിഞ്ഞാൽ ഏറ്റവും ഉറപ്പുള്ള സഹായം പരിശുദ്ധ അമ്മ തന്നെയാണ്. ഈ അമ്മയുടെ അമലോത്ഭവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് ഉണ്ണീശോയ്ക്ക് പിറക്കാൻ തക്കതായ വിശുദ്ധിയുള്ള ഒരു ഹൃദയമൊരുക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.